പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 275

03-04-2013 – ൽ മറുപടിയ്ക്ക്

## കുട്ടനാട് മേഖലയിലെ കൊയ്ത്ത് യന്ത്രങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും ,അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് മേഖലയിൽ കൊയ്ത്ത് യന്ത്രങ്ങൾ ലഭ്യമാക്കുന്നതിൽ കൃഷി വകുപ്പിന്റെയും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റേയും പങ്കിനെ സംബന്ധിച്ച് വിശദമാക്കുമോ; | (എ) 100 ക്ലാസ് യന്ത്രങ്ങളും 50 കുബോട്ട യന്ത്രങ്ങളും ഉൾപ്പെടെ മൊത്തം 150 കൊയ്ത്ത്മെതി യന്ത്രങ്ങൾ കെയ്ക്കോ കുട്ടനാട് പാക്കേജ് അനുസരിച്ച് വാങ്ങിയിട്ടുണ്ട്. ഇതിൽ 16 കൊയ്ത്ത്മെതി യന്ത്രങ്ങൾ കോട്ടയം ജില്ലാ പഞ്ചായത്ത് മുഖേന കൃഷി വകുപ്പ് കർഷകർക്ക് നൽകിവരുന്നു. 2 കുബോട്ട മെഷീനുകൾ പെരുമാട്ടി അഗ്രോ സർവ്വീസ് സെന്ററിനു നൽകിയിട്ടുണ്ട്. ബാക്കി യന്ത്രങ്ങൾ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ കെയ്ക്കോ യൂണിറ്റുകൾ വഴി കുട്ടനാട് പ്രദേശത്തെ കർഷകർക്ക് കൊയ്ത്തിനായി വിന്യസിച്ചിട്ടുണ്ട്. കൂടാതെ കുട്ടനാട്ടിലെ കൊയ്ത്തുമെതി യന്ത്രക്ഷാമം പരിഗണിച്ച് ലഭ്യമായ മെഷീനുകൾ പാലക്കാട് നിന്ന് കുട്ടനാട്ടിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ട്. യന്ത്രങ്ങൾക്ക് ആവശ്യമായ സർവ്വീസിംഗും മെയിന്റനൻസും നടത്തിയാണ് മെഷീനുകൾ നൽകിയിട്ടുള്ളത്. |

(ബി) ഇത്തവണത്തെ കൊയ്ത്തു കാലത്ത് ആവശ്യത്തിന് കൊയ്ത്ത് യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിൽ വകുപ്പിനും കോർപ്പറേഷനും വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;വിശദാംശം നൽകാമോ;

(ബി) കുട്ടനാട്ടിലെ പുഞ്ച കൃഷി കൊയ്ത്തിന് ആവശ്യമായ കൊയ്ത്ത് യന്ത്രങ്ങൾ യഥാസമയം അറ്റകുറ്റ പണികൾ പൂർത്തിയാക്കി സീസൺ തുടങ്ങുമ്പോൾ തന്നെ പാടത്ത് ഇറക്കിയിരുന്നു. ആവശ്യമായ ഓപ്പറേറ്റർമാരെ കെയ്ക്കോയുടെ നേതൃത്വത്തിൽ ട്രെയിനിംഗ് നൽകി യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ഈ മെഷീനുകളുടെ അറ്റകുറ്റപണികൾക്കുവേണ്ടി കെയ്കോയുടെ തിരുവല്ല, അമ്പലപ്പുഴ, വൈക്കം യൂണിറ്റ് ഓഫീസിന് കീഴിൽ സർവ്വീസ് എഞ്ചിനീയർമാരും, മെക്കാനിക്കുകളും അടങ്ങുന്ന ടീം പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തനരഹിതമായ മെഷീനുകൾ പാടശേഖരങ്ങളിൽ ചെന്ന് റിപ്പയർ ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. റിപ്പയറിംഗിന് ആവശ്യമായ സ്പെയർപാർട്സുകൾ ഈ മൂന്നു യൂണിറ്റ് ഓഫീസുകളിലും സ്റ്റോക്ക് ചെയ്തിട്ടുണ്ട്. യന്ത്രങ്ങൾ ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകുന്നതിലേയ്ക്കായി ട്രക്കുകളും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ കെയ്കോയുടെ ഉദ്യോഗസ്ഥൻമാരുടെ ടീം യന്ത്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുവേണ്ടിയും പ്രവർത്തിച്ചുവരുന്നു. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ ജില്ലാ പഞ്ചായത്തുകളുടെ കൊയ്ത്തുമെതിയന്ത്രങ്ങളും കർഷകർക്ക് നൽകിവരുന്നു. ഇക്കാര്യത്തിൽ വീഴ്ചകൾ ഒന്നും പറ്റിയിട്ടില്ല.

(സി) കൊയ്ത്ത് യന്ത്രം ലഭ്യമാക്കുന്നതിൽ നിന്നും സ്വകാര്യ ഏജന്റുമാരെ ഒഴിവാക്കി സർക്കാർ തന്നെ നേരിട്ട് യന്ത്രം എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) നേരിട്ട് യന്ത്രം എത്തിക്കുന്നതിനെ കുറിച്ച് പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ